"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ നഗരസഭ- അനധികൃത നിർമ്മാണം- നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.വി.ആർ.രാജുവിനെതിരെ ആരംഭിച്ച അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.893/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/04/2021

---

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) 22.03.2014 ലെ പരിശോധന റിപ്പോർട്ട്.

2 13.05.2014 ലെ സ.ഉ (സാധാ) നം. 1134/2014/തസ്വഭവ നമ്പർ ഉത്തരവ്.

3 10.12.2014 ലെ സ.ഉ(സാധാ) നം. 3265/2014/തസ്വഭവ നമ്പർ ഉത്തരവ്.

4 18.12.2014 ലെ 28778/ഇ.യു1/14/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.

5 03.03.2020 തീയതിയിലെ കാരണം കാണിക്കൽ നോട്ടീസ്.

6 നഗരകാര്യ ഡയറക്ടറുടെ 20.11.2020 ലെ വി2-1248/2015 -ം നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിൽ വാർഡ് 3, ബ്ലോക്ക് 2 ടി.എസ് നമ്പർ 77 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ എ. പി. ഹസ്സൻ കുഞ്ഞി മാനേജിംഗ് പാർട്ണർ, ഹൊറൈസൺ എന്റർപ്രൈസസ്, പയ്യാമ്പലം, കണ്ണൂർ എന്നയാൾ നടത്തിയ അനധികൃത നിർമ്മാണത്തിന് 12.03.2021 ൽ റിവൈസ്ഡ് പെർമിറ്റ് അനുവദിച്ച് നൽകിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. വി.ആർ.രാജുവിനെതിരെ അച്ചടക്കനടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി പരാമർശം ( 4 ) പ്രകാരം ടിയാന് കുറ്റാരോപണമെമ്മോ നൽകിയിരുന്നു. ശ്രീ. വി.ആർ.രാജു 31.05.2019 ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ KSR Part III Rule 3 പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്തുവാൻ താൽക്കാലിക തീരുമാനം കൈകൊണ്ട് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിനുള്ള ടിയാന്റെ മറുപടിയിൽ തന്റെ പെൻഷനിൽ നിന്നും 500 രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നു . ടിയാന്റെ മറുപടിയിൽ പരാമർശിക്കുന്ന കാരണങ്ങൾ പൂർണമായും അംഗീകരിക്കാവുന്നതായി കാണുന്നില്ലെന്നും ആയതിനാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്തുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം (6) ൽ നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ വി.ആർ. രാജുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും പ്രതിമാസം 500 രൂപ വീതം 5 വർഷത്തേക്ക് കുറവു വരുത്താൻ താൽക്കാലിക തീരുമാനം എടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറം മുനിസിപ്പാലിറ്റി മുൻ സെക്രട്ടറിയായിരുന്ന ശ്രീ വി.ആർ. രാജുവിനെതിരെയുള്ള ആരോപണങ്ങളിൻ മേൽ അച്ചടക്ക നടപടി സംബന്ധിച്ചുള്ള മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് .

ശ്രീ.വി.ആർ.രാജു, മുൻ സെക്രട്ടറി, കണ്ണൂർ നഗരസഭ( നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ